**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4091** — **09-08-2021 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണപ്രവൃത്തിക്കായി നിക്ഷേപിച്ച മണ്ണ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ പല പാലങ്ങളുടെയും നിർമ്മാണപ്രവൃത്തി നടത്തുന്നതിനായി നിക്ഷേപിച്ച മണ്ണ്, നിർമ്മാണത്തിനുശേഷം നീക്കം ചെയ്യാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പാലം പണി പൂർത്തിയായ ഉടനെ നിക്ഷേപിച്ച മണ്ണ് മാറ്റുന്നതിനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകുമോ; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിർമ്മാണം പൂർത്തിയായ പാലങ്ങളുടെ, നിർമ്മാണ പ്രവൃത്തി നടത്തുന്നതിനായി നിക്ഷേപിച്ച മണ്ണ്, പണി പൂർത്തിയായ ഉടനെ നീക്കം ചെയ്യാനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകാറുണ്ട്. |
| (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പാലങ്ങളുടെ നിർമ്മാണം പൂർത്തിയായതിനുശേഷം മണ്ണ് പൂർണ്ണമായും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ട്; മണ്ണ് നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം, മാട്ടൂൽ മടക്കര പാലം എന്നിവ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടും മണ്ണ് നീക്കം ചെയ്യാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഇരിണാവ് പാലം നിർമ്മാണം ഏറ്റെടുത്ത് പൂർത്തിയാക്കിയ കരാറുകാരന് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാട്ടൂൽ -മടക്കര പാലത്തിന്റെ സൈറ്റ് പരിശോധിച്ചതിൽ അബട്ട്മെന്റിനോട് ചേർന്ന് മണ്ണ് കാണുന്നുണ്ട്. മഴക്കാലമായതിനാൽ പുഴയിൽ ജലനിരപ്പ് കൂടുതൽ ഉള്ളതുകൊണ്ട് പിയറുകൾക്ക് ചുറ്റും മണ്ണ് ഉണ്ടോ എന്ന് വ്യക്തമാകുന്നില്ല. ഫൗണ്ടേഷനോടു ചേർന്നുള്ള മണ്ണ് നീക്കം ചെയ്യുന്നത് പാലത്തിന് ദോഷകരമായി ബാധിക്കുമോ എന്ന് അറിയുന്നതിനായി പുഴയിൽ സൗണ്ടിംഗ് ടെസ്റ്റ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ